# **കേരള സർവ്വകലാശാല**

## **(സംഗ്രഹം)**

**സി.ബി.സി.എസ് സമ്പ്രദായത്തിലുള്ള ഡിഗ്രി കോഴ്സുകൾക്ക് എൻ.സി.സി പ്രവർത്തനങ്ങൾക്കുള്ള ഗ്രേസ് മാർക്ക്- - നിയമങ്ങളിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച് - അംഗീകരിച്ച - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---------------------------------------------------------------------------------------------------------------

**അക്കാദമിക് എ.V വിഭാഗം**

**നം:.എ.V /4157/1/എൻ.സി.സി /2019** **തിരു:തീയതി:01.07.2019**

---------------------------------------------------------------------------------------------------------------

**പരാമർശം: 1.സർവകലാശാല ഉത്തരവ് നം:4157/1/എൻ.സി.സി/2019 തീയതി:13 .06.2019**

**2.ബഹു: വൈസ് ചാൻസിലറുടെ 29.06.2019 ലെ ഉത്തരവ്**

## **ഉത്തരവ്**

**16.05.2019 ൽ നടന്ന കംബൈൻഡ് മീറ്റിങ് ഓഫ് ദി സ്റ്റാന്റിംഗ് കമ്മിറ്റിസ് ഓഫ് ദി സിൻഡിക്കേറ്റ് ഓൺ എക്സാമിനേഷൻസ് ആൻഡ് സ്റ്റുഡന്റ്സ് സർവീസെസ്സ്ന്റെ യോഗത്തിൽ സി.ബി.സി.എസ് സമ്പ്രദായത്തിലുള്ള ഡിഗ്രി കോഴ്സുകൾക്കുള്ള എൻ.സി.സി പ്രവർത്തനങ്ങൾക്ക് ഗ്രേസ് മാർക്ക് അനുവദിക്കുന്നത് സംബന്ധിച്ച നിയമങ്ങളിൽ ഭേദഗതികൾ നിർദ്ദേശിക്കുകയും പ്രസ്തുത നിർദ്ദേശങ്ങൾ 25.05.2019 ൽ നടന്ന സിൻഡിക്കേറ്റിന്റെ യോഗത്തിൽ പരിശോധിക്കുകയും അവ അംഗീകരിക്കുകയും പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.**

**പ്രസ്തുത ഉത്തരവിൻ പ്രകാരം ഏഴാം കോളത്തിൽ വെയ്റ്റേജ് സർട്ടിഫിക്കറ്റിന് 3% ഗ്രേസ് മാർക്ക് നൽകുവാനായി ഉത്തരവായിട്ടുണ്ട്.വെയ്റ്റേജ് സർട്ടിഫിക്കറ്റ് എന്നത് എൻ.സി.സി യുമായി ബന്ധപ്പെട്ട നടത്തിയ പ്രവർത്തനങ്ങളുടെ സർട്ടിഫിക്കറ്റ് ആയതിനാലും അതിൽ അറ്റൻഡൻസിനും (75%) മറ്റു നേട്ടങ്ങൾക്കും,പ്രത്യേകം ഗ്രേസ് മാർക്ക അനുവദിക്കുന്നതിനാലും,വെയ്റ്റേജ് സർട്ടിഫിക്കറ്റിന് വീണ്ടും 3% ഗ്രേസ് മാർക്ക് കൊടുക്കുന്നതിൽ അപാകത ഉള്ളതിനാലും , പ്രസ്തുത കോളത്തിൽ (കോളം 7) കൊടുത്തിരിക്കുന്ന വെയ്റ്റേജ് സർട്ടിഫിക്കറ്റിനുള്ള 3% ഗ്രേസ് മാർക്ക് സിൻഡിക്കേറ്റിന്റെ സ്റ്റുഡന്റ്സ് സർവീസസ് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പുനഃപരിശോധനയ്ക്ക് വിധേയമായി ബഹു: വൈസ് ചാൻസിലറുടെ അംഗീകാരത്തോടെ ഇതിനാൽ മരവിപ്പിച്ചിരിക്കുന്നു.**

**പ്രസ്തുത ഭേദഗതി അക്കാഡമിക് വർഷം 2018-19 മുതൽ നടപ്പിലാക്കേണ്ടതാണ് .**

**ഒപ്പ്**
**ശോഭന കുമാരി കെ**
**ഡെപ്യൂട്ടി രജിസ്ട്രാർ (അക്കാദമിക് II)**
**രജിസ്ട്രാർക്കു വേണ്ടി**

**പകർപ്പ്**

**വൈസ് ചാൻസിലറുടെ പി എസ്**
**പ്രൊ വൈസ് ചാൻസിലറുടെ പി എസ്**
**പി.എ-രജിസ്ട്രാർ**
**പി എ- സി ഇ**
**ഡയറക്ടർ കമ്പ്യൂട്ടർ സെന്റർ / ഐ റ്റി സെൽ**
**എല്ലാ ടാബുലേഷൻ സെക്ഷനുകളും**
**എ.ആർ/ഡി.ആർ/ജെ.ആർ(സി.ബി.സി.എസ്)** **ഉത്തരവിൻ പ്രകാരം**
**ഇൻക്വയറി / പി ആർ ഒ**
**എ.ആർ (ഇ.ബി/ബിഎ/ബിഎസ്.സി/ബികോം/ഇഎസ്)**
**സ്റ്റോക്ക് ഫയൽ /ഫയൽ കോപ്പി** **സെക്ഷൻ ഓഫീസർ**